(രജിസ്റ്റർ ചെയ്ത് കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ-ഐ.ഡി.കെ-6/590/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ഇടുക്കി ജില്ലാ ഓഡിറ്റ് കാര്യാലയം
തൊടുപുഴ – 685 584
ഫോൺ : 04862-227332
ഇ-മെയിൽ : doidk.ksad@kerala.gov.in

തീയതി. 04.09.2019

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ്

കടയത്തൂർ ഗ്രാമപഞ്ചായത്ത്
(സെക്രട്ടറി മുഖേന)

സർ

വിഷയം :- കുടയത്തൂർ ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

************************************

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം **കുടയത്തൂർ** ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ **ഭാഗം** 2, 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ് (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ട് മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ് (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23. 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1), (2) എന്നിവ കാണുക).

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് , തിരുവനന്തപുരം(ഇ-മെയിൽ മുഖാന്തിരം).

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി-തൊടുപുഴ.

3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ-ഐ.ഡി.കെ-6/590/2019 തീയതി : 04.09.2019

# ഇടുക്കി ജില്ലയിലെ കുടയത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

******************************

ഇടുക്കി ജില്ലയിലെ **കുടയത്തൂർ** ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 21.11.2018 മുതൽ 16.06.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 6 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി

പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ | ശ്രീമതി. ബേബി സനൂജ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 17.06.2019 മുതൽ 24.06.2019 വരെ |

| | | |
|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി. സൂസനിയാമ്മ തോമസ് | ഓഡിറ്റ് ഓഫീസർ |
| | ശ്രീ. സണ്ണി എം. യു. | അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. മരുൺ മാത്യു | അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീ. എബി ഏബ്രഹാം | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി. മായ കൃഷ്ണൻ | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. പുഷ്പ വിജയൻ | 01.04.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ശ്രീമതി. സജി തോമസ് | 01.04.2018 മുതൽ 31.03.2019 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ. ആഷ് ലി മറിയാമ്മ ജോർജ് | 01/04/2018 മുതൽ 31/03/2019 വരെ |
| വെറ്ററിനറി സർജൻ | ഡോ. ദീപ കെ. കെ. | 01/04/2018 മുതൽ 31/03/2019 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. സുധീഷ് എം. പി. | 01/04/2018 മുതൽ 31/03/2019 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി. അലീന ജോർജ്ജ് | 01/04/2018 മുതൽ 31/03/2019 വരെ |
| വി.ഇ.ഒ. | ശ്രീമതി. സബിത കെ. എം. | 01/04/2018 മുതൽ 15/01/2019 വരെ |
| | ശ്രീമതി. അംബിക ജി. | 16/01/2019 മുതൽ 31/03/2019 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ. രജിത്ത് കെ. ആർ. | 01/04/2018 മുതൽ 31/03/2019 വരെ |
| മെഡിക്കൽഓഫീസർ (ആയുർവ്വേദം) | ഡോ. ജിൽസൺ വി. ജോർജ്ജ് | 01/04/2018 മുതൽ 31/03/2019 വരെ |
| | | |

| | | |
|---|---|---|
| ഹെഡ്മാസ്റ്റർ | ശ്രീമതി. രമാഭായി ജി. | 01/04/2018 മുതൽ 31/03/2019 വരെ |
| അസി. എഞ്ചിനീയർ | ശ്രീ. സത്യദാസ് എസ്. | 01.04.2017 മുതൽ 30.11.2018 വരെ |
| | ശ്രീ. അനീഷ് സത്യൻ | 01.12.2018 മുതൽ 31.03.2019വരെ |

**ഉള്ളടക്കം**


| ക്രമ നം. | ഖണ്ഡിക നം. | ഭാഗം 1 – പൊതുഅവലോകനം |
|---|---|---|
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക. |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. |
| 4 | 1-4 | സാമ്പത്തിക വിശകലനം |
| 5 | 1-5 | ഫണ്ട് വിനിയോഗം |
| 6 | 1-6 | പദ്ധതി അവലോകനം |
| 7 | 1-7 | തൊഴിലുറപ്പ് പദ്ധതി |
| 8 | 1-8 | ക്ഷേമപദ്ധതികൾ |
| 9 | 1-9 | ക്യാഷ് പരിശോധന |
| 10 | 1-10 | ആഭ്യന്തര നിയന്ത്രണം |
| 11 | 1-11 | മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം |
| 12 | 1-12 | വാർഷിക കണക്കിലെ അപാകതകൾ |
| | | ഭാഗം – 2 വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ |
| 13 | 2-1 | നികുതി പിരിവിലെ പുരോഗതി |
| 14 | 2-2 | പണമിടപാടുകൾ നടത്താത്ത ബാങ്ക് അക്കൌണ്ടുകൾ സൂക്ഷിക്കുന്നു |
| 15 | 2-3 | വസ്തുനികുതി – ഡിമാന്റിൽ കുറവ് വരുത്തിയതിന്റെ വിശദാംശങ്ങൾ ഹാജരാക്കിയില്ല |
| | | ഭാഗം – 3 ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ |
| 16 | 3-1 | വിവിധോദ്ദേശ്യ ഗ്രാന്റുകൾ പൂർണ്ണമായും ചെലവഴിച്ചിട്ടില്ല |
| 17 | 3-2 | ടെണ്ടർ ചെയ്തു നൽകിയ മരാമത്ത് പ്രവൃത്തികൾ യഥാസമയം പൂർത്തീകരിച്ചിട്ടില്ല |

| | | |
|---|---|---|
| 18 | 3-3 | ഒരേ സ്ഥാപനത്തിൽ നിന്നുതന്നെ ഒരേ ഇനവിവരത്തിലുള്ള കട്ടിലുകൾ വ്യത്യസ്ത നിരക്കുകളിൽ വാങ്ങിയിരിക്കുന്നു – ₹8,340/- നിരാകരണം |
| 19 | 3-4 | എസ് എസ്. എ വിഹിതം - നൽകൽ- വിശദമായ ചെലവ് പത്രിക ലഭിക്കുന്നില്ല, |
| 20 | 3-5 | പത്താംതരം തുല്യതാപഠനം-ചെലവിന്റെ വിശദാംശം ലഭ്യമായില്ല |
| 21 | 3-6 | മോണിട്ടറിംഗ് സംവിധാനം ഫലപ്രദമല്ല. |
| 22 | 3-7 | എച്ച്.എം.സി. - വാർഷിക കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല |
| 23 | 3-8 | ആശ്രയപദ്ധതിയുടെ അക്കൗണ്ടിൽ ഗണ്യമായതുകയുടെ നീക്കിയിരിപ്പ്. |
| 24 | 3-9 | തൊഴിലുറപ്പ് പദ്ധതി |
| 25 | 3-10 | പൊതുടാപ്പുകളുടെ സംയുക്ത പരിശോധന നടത്തിയിട്ടില്ല |
| | | ഭാഗം – 4 ഓഡിറ്റ് പ്രത്യവലോകനം |
| 26 | 4-1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 27 | 4-2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ |
| 28 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 29 | 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 30 | 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 31 | 4-6 | ഓഡിറ്റ് റിക്കവറി |
| 32 | 4-7 | സമാഹൃത ഓഡിറ്റ് |
| 33 | 4-8 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം |
| 34 | 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 35 | 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| | | അനുബന്ധങ്ങൾ |
| 36 | അനുബന്ധം-1 | ഓഡിറ്റ് സാക്ഷ്യപത്രം |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

2018-19 വർഷത്തെ പുതുക്കിയ ബജറ്റ് 22.01.2019 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 09.04.2019 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 12.06.2019 & 13.06.2019 | കെ.എസ്.എ.ഐ.ഡി.കെ.3/520(23)/19/ തീ.17.08.2019 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹36,72,847 |
| വരവ് | ₹5,77,68,499 |
| ആകെ | ₹6,14,41,346 |
| ചെലവ് | ₹5,33,88,343 |
| നീക്കിയിരിപ്പ് | ₹80,53,003 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുൻബാക്കി ₹ | തൻവർഷ വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| വികസനഫണ്ട് – പൊതുവിഭാഗം (ACR പ്രകാരം) | | 0 | 9040752 | 9040752 | 8936768 | 103984 | |
| വികസനഫണ്ട് – എസ്.സി.പി. (ACR പ്രകാരം) | | 0 | 1985001 | 1985001 | 1943942 | 41059 | |
| വികസനഫണ്ട് – ടി.എസ്.പി. (ACR പ്രകാരം) | | 0 | 2583000 | 2583000 | 2583000 | 0 | |
| സംരക്ഷണഗ്രാന്റ് – റോഡ് (ACR പ്രകാരം) | | 0 | 9913999 | 9913999 | 9185552 | 728447 | |
| സംരക്ഷണഗ്രാന്റ് – നോൺറോഡ് (ACR പ്രകാരം) | | 0 | 2780001 | 2780001 | 2768485 | 11516 | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 5830893 | 5830893 | 2897718 | 2933175 | |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | 0 | 0 | 0 | 0 | 0 | |
| സാക്ഷരത | | 2945 | 68825 | 71770 | 68476 | 3294 | |
| ദുരിതാശ്വാസനിധി | | 1911 | 76 | 1987 | 0 | 1987 | |
| എം.ജി. എൻ. ആർ.ഇ. ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 6608249 | 6608249 | 6608249 | | |
| | അഡ്മിനിസ്റ്റേറ്റീവ് ചെലവ് | 8134 | 327334 | 335468 | 322440 | 13028 | |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച്) | | | | | | | |
| ഐ.സി.ഡി.എസ്. | | 921471 | 487394 | 1408865 | 317595 | 1091270 | |

| | | | | | | | |
|---|---|---|---|---|---|---|---|
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച്) | | | | | | | |
| ശുചിത്വ മിഷൻ | | 24419 | 130000 | 154419 | 130000 | 24419 | |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക്പഞ്ചായത്ത് | 297801 | 1854114 | 2151915 | 1565458 | 586457 | |
| | ജില്ലാപഞ്ചായത്ത് | 934566 | 1961600 | 2896166 | 1926550 | 969616 | |
| ബി-ഫണ്ട് | | 0 | 13183300 | 13183300 | 13183300 | 0 | |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 1150134 | 7408042 | 8558176 | 8558176 | 0 | |
| | ജവഹർ | 238 | 0 | 238 | 0 | 238 | |
| തനത് ഫണ്ട് | എസ്.എസി.ബി.പ്ലാൻ | 240 | 10 | 250 | 0 | 250 | |
| | ഐഡിസിബി., മുട്ടം | 1615 | 0 | 1615 | 0 | 1615 | |
| | ഇ-പെയ്മെന്റ് | 11131 | 32755 | 43886 | 0 | 43886 | |
| | എസ്. സി. ബി.5566 | 950547 | 4653406 | 5603953 | 5139416 | 464537 | |
| | എസ്.ബി.റ്റി .പ്ലാൻ | 2281 | 441812 | 444093 | 232334 | 211759 | |
| | വി.പി.എഫ്.എ-1-2 | 3608 | 0 | 3608 | 0 | 3608 | |
| | വി.പി.എഫ്.എ-1-3 | 6877 | 0 | 6877 | 0 | 6877 | |
| | ട്രഷറി റ്റി. എസ്. ബി. | -505407 | 729900 | 224493 | 0 | 224493 | |
| മറ്റിനം | | 58378 | 0 | 58378 | 0 | 58378 | |
| വിമുക്തി | | 160 | 25000 | 25160 | 25000 | 160 | |
| കേരളോൽസവം | | 0 | 20000 | 20000 | 0 | 20000 | |
| എസ്.ബി.റ്റി. – വാട്ടർഷെഡ് | | 3667 | 130 | 3797 | 0 | 3797 | |
| ഹരിയാലി | | 19160 | 680 | 19840 | 0 | 19840 | |
| സമ്പൂർണ്ണ ശുചിത്വം | | 824371 | 824371 | 0 | 452827 | 371544 | |
| ഐ.ഡി.സി.ബി-ഇ.എം.എസ് | | 707153 | 29123 | 736276 | 0 | 736276 | |
| ഖരമാലിന്യ സംസ്കരണം | | 1699840 | 0 | 1699840 | 65000 | 1634840 | |
| സംസ്ഥാനസർക്കാർ അവാർഡ് തുക | | 300000 | 1000000 | 1300000 | 30000 | 1270000 | |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ |
|---|---|---|---|---|---|---|

| (എണ്ണം) | ₹ | | ₹ | (എണ്ണം) | | ശതമാനം |
|---|---|---|---|---|---|---|
| 142 | 89206586 | 99 | 42010941 | 21 | 22 | 69.72 |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

– ഇല്ല –

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ ചെലവ് വിവരം

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | വകയിരുത്തിയ തുക ₹ | ചെലവഴിച്ച തുക ₹ | ചെലവ് % |
|---|---|---|---|---|
| 1 | സെക്രട്ടറി | 3559773 | 3431507 | 96.39 |
| 2 | കൃഷി ഓഫീസർ | 912900 | 423149 | 46.35 |
| 3 | വെറ്റിനററി സർജൻ | 3683000 | 1567043 | 42.54 |
| 4 | മെഡിക്കൽ ഓഫീസർ (ആരോഗ്യം) | 1960000 | 1415937 | 72.24 |
| 5 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 800000 | 800000 | 100 |
| 6 | ഗ്രാമസേവകൻ | 50461767 | 15847995 | 31.40 |
| 7 | അസി. എഞ്ചിനീയർ | 21664595 | 13480261 | 62.22 |
| 8 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 4824051 | 3856549 | 79.94 |
| 9 | ഡയറി എക്സ്റ്റൻഷൻ | 1100000 | 1100000 | 100 |
| 10 | ഹെഡ് മാസ്റ്റർ | 240500 | 88500 | 36.79 |
| ആകെ | | 89206586 | 42010941 | 47.09 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| ഭരണച്ചെലവ് | 8134 | 327334 | 335468 | 322440 | 13028 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 6608249 | 6608249 | 6608249 | 0 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| വിധവ പെൻഷൻ | 2759700 | 336 |
| വാർദ്ധിക്യകാല പെൻഷൻ | 8325500 | 993 |
| വികലാംഗ പെൻഷൻ | 1014800 | 120 |
| അവിവാഹിത പെൻഷൻ | 243200 | 32 |
| തൊഴിൽരഹിത വേതനം | 117000 | 76 |
| കർഷക തൊഴിലാളി പെൻഷൻ | 655600 | 73 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 60000 | 1 |

## 1-9 ക്യാഷ് പരിശോധന

1994ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.06.2019 ന് 11.45എ.എം.-ന് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹1,479/- യുടെ ക്യാഷ് ബാലൻസ് ബോദ്ധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ഖണ്ഡിക 1-12ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഓഫീസ് ഓർഡർ പ്രകാരം ജോലി വിഭജനം നടത്തി കൃത്യസമയത്ത് ജീവനക്കാരെ അറിയിക്കുന്നുണ്ട്. സ്ഥലം മാറിപ്പോകുന്ന ഉദ്യോഗസ്ഥർ ഫയലുകളും രേഖകളും കൈമാറ്റം ചെയ്യുന്നില്ല. കാഷ് കൈകാര്യം ചെയ്യുന്നതിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നുണ്ട്. നികുതികൾ യഥാസമയം കളക്ട് ചെയ്യുന്നതിൽ ശ്രദ്ധിക്കുന്നുണ്ട്. സ്ഥാപന തൊഴിൽ നികുതി ഇനത്തിൽ നടത്തിയ പിരിവിന്റെ കൃത്യമായ കണക്കുകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്. വസ്തുനികുതി പിരിവ് മോണിട്ടറിംഗ് നടത്തുന്നില്ല. .

വിവിധ സ്റ്റാൻഡിംഗ് കമ്മറ്റികളുടെ വിഷയങ്ങൾ അജൻഡയിൽ ഉൾപ്പെടുത്തുന്നില്ല. പദ്ധതി നിർവ്വഹണ അവലോകനം നടത്തുന്നില്ല.

### രജിസ്റ്ററുകളുടെയും ഫയലുകളുടെയും പരിപാലനം

പൊതുടാപ്പുകളുടെയും തെരുവ് വിളക്കുകളുടെയും സംയുക്ത പരിശോധന നടത്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ കാലികമാക്കി പരിപാലിക്കുന്നുണ്ട്. പഞ്ചായത്ത് വാഹനങ്ങളുടെ ഇന്ധന ക്ഷമതാ സർട്ടിഫിക്കററ് സൂക്ഷിക്കുകയോ സ്റ്റോക്ക് രജിസ്റ്റർ എന്നിവ കൃത്യമായി എഴുതി സൂക്ഷിക്കുകയോ ചെയ്യുന്നില്ല. വാങ്ങിയ സാധന സാമഗ്രികൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നുണ്ടെങ്കിലും കൈപ്പറ്റുന്ന ആളുടെ വിവരം രേഖപ്പെടുത്തുന്നില്ല.

### ഫ്രണ്ട് ഓഫീസ് പ്രവർത്തനങ്ങൾ

പഞ്ചായത്തിലെ ഫ്രണ്ട് ഓഫീസ് സംവിധാനം ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ സേവനം നൽകി വരുന്നു. ഓഫീസ് ഉത്തരവ് പ്രകാരം ജീവനക്കാരുടെ ജോലികൾ ക്രമീകരിച്ചിട്ടുണ്ട്. കാര്യക്ഷമമായ രീതിയിലുള്ള പ്രവർത്തനങ്ങൾ നടത്തപ്പെടുന്നു.

### ഗ്രാമസഭ/വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ

13 വാർഡുകളിലും യഥാസമയം ഗ്രാമസഭകളും പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ടുള്ള വിവിധ മേഖലകളിലെ വർക്കിംഗ് ഗ്രൂപ്പുകളും രണ്ട് പ്രാവശ്യമാണ് സമ്മേളിച്ചിട്ടുള്ളത്. കാര്യക്ഷമമായ പ്രവർത്തനങ്ങൾ നടപ്പിലായിട്ടില്ല. ഗ്രാമസഭകളിൽ പഞ്ചായത്തിന്റെ വികസന-ക്ഷേമ വിദ്യാഭ്യാസ പ്രവർത്തനങ്ങളെക്കുറിച്ചുള്ള ക്രിയാത്മകമായ ചർച്ചകളും തീരുമാനങ്ങളും ഉണ്ടാകുന്നില്ല.

## 1-11 മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 07.05.2019 മുതൽ 08.05.2019 വരെ | 4/19 | ലഭിച്ചില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 28.08.2006 | 1997-98 മുതൽ 2005-06 വരെ | 20/11/2006 |

## 1-12 വാർഷിക കണക്കിലെ അപാകതകൾ

2018-19 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1) വസ്തുനികുതി രജിസ്റ്റർ പ്രകാരമുള്ള വരവ്, കുടിശ്ശിക തുകകളുമായി വാർഷിക കണക്കുകളിലെ തുകകൾ പൊരുത്തപ്പെടുന്നില്ല

2) വസ്തുനികുതി കുടിശ്ശിക തുകകൾക്ക് ബാലൻസ് ഷീറ്റിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. പ്രൊവിഷൻ തുക കണക്കാക്കിയതിനുള്ള വർക് ഷീറ്റ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല

3) ലോൺ രജിസ്റ്റർ പരിപാലിക്കുന്നില്ല

4) വസ്തുനികുതിഅരിയർ ഡിമാന്റ് രജിസ്റ്റർ എഴുതിയിട്ടില്ലാത്തതിനാൽ കുടിശ്ശിക തുകകളുടെ വർഷം തിരിച്ചുള്ള വിവരം ലഭ്യമല്ല.

5) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

6) ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ ആസ്തികൾക്ക് തൻവർഷത്തേയ്ക്കുള്ള ഡിപ്രിസിയേഷൻ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും തുക കണക്കാക്കിയതിനുള്ള വർക് ഷീറ്റ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 നികുതി പിരിവിൽ പുരോഗതി

തനത് വരുമാനങ്ങളായ നികുതികളും ഫീസുകളും യഥാസമയം പിരിച്ചെടുക്കുന്നതിൽ ഗ്രാമപഞ്ചായത്ത് തൻവർഷം മികച്ച പുരോഗതി കൈവരിച്ചിട്ടുണ്ട്. ലഭ്യമായ കണക്കുകൾ പ്രകാരം ആകെ ഡിമാന്റ് തുകയുടെ 85 ശതമാനത്തിലധികം വസൂലാക്കാൻ കഴിഞ്ഞു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | ഡിമാന്റ് ₹ | പിരിവ് ₹ | പിരിവ് ശതമാനം |
|---|---|---|---|---|
| 1 | വസ്തു നികുതി | 1470435 | 1374756 | 87.80 |
| 2 | തൊഴിൽ നികുതി | 679570 | 679570 | 100 |
| 3 | വാടക | 200356 | 200356 | 100 |

## 2-2 പണമിടപാടുകൾ നടത്താത്ത അക്കൗണ്ടുകൾ സൂക്ഷിക്കുന്നു

ഗ്രാമപഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടുള്ള, ദീർഘനാളായി പണമിടപാടുകളൊന്നും നടക്കാത്തതായ 8 ബാങ്ക് അക്കൗണ്ടുകൾ നിലനിൽക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ബാങ്ക് | നീക്കിബാക്കി വാർഷിക കണക്ക് പ്രകാരമുള്ളത് ₹ |
|---|---|---|
| 1 | ട്രഷറി തനത് ഫണ്ട് (VPFA-1-2) | 3608 |
| 2 | ട്രഷറി തനത് ഫണ്ട് (VPFA-1-3) | 6887 |
| 3 | IDCB-മുട്ടം | 1615 |
| 4 | SBT-വാട്ടർ ഷെഡ് | 3797 |
| 5 | IDCB-ഇ.എം.എസ്. | 736276 |
| 6 | SCB-IMP-പ്ലാൻ | 250 |
| 7 | IDCB-കാഞ്ഞാർ, ജവഹർ | 238 |

നിർജ്ജീവമായ മേൽ അക്കൗണ്ടുകൾ ക്ലോസ് ചെയ്യാതെ ശേഷിക്കുന്നത് ഭാവിയിൽ ക്രമക്കേടുകൾക്ക് കാരണമാകുമെന്നതിനാൽ അവ അടിയന്തിരമായി ക്ലോസ് ചെയ്ത് വിവരമറിയിക്കേണ്ടതാണ്.

## 2-3 വസ്തുനികുതി ഡിമാന്റിൽ കുറവ് വരുത്തിയതിന്റെ വിശദാംശങ്ങൾ ഹാജരാക്കിയില്ല

വസ്തുനികുതി ഇനത്തിൽ I-18 ഷെഡ്യൂളിൽ പാർപ്പിട/പാർപ്പിടേതര ഇനങ്ങളിലായി ₹58,544/- കുറവ് ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ വിശദ വിവരങ്ങൾ ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

## ഭാഗം -3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വിവിധോദ്ദേശ്യ ഗ്രാന്റുകൾ പൂർണ്ണമായും ചെലവഴിച്ചിട്ടില്ല

മുൻ വർഷങ്ങളിലും തൻവർഷവുമായി ഗ്രാമപഞ്ചായത്തിന് വിവിധ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ചിട്ടുള്ള താഴെപ്പറയുന്ന തുകകൾ പൂർണ്ണമായും ചെലവഴിച്ചിട്ടില്ല.

| സ്ഥാപനം/ ഗ്രാന്റിനം | മുന്നിരിപ്പ് (₹) | തൻവർഷ വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരുപ്പ് (₹) |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 934566 | 1961600 | 2896166 | 1926550 | 969616 |
| ബ്ലോക്ക്പഞ്ചായത്ത് | 297801 | 1854114 | 2151915 | 1565458 | 586457 |
| ഹരിയാലി | 19160 | 680 | 19840 | 0 | 19840 |
| സമ്പൂർണ്ണ ശുചിത്വം | 824371 | 0 | 824371 | 452827 | 371544 |
| ഐ.സി.ഡി.എസ്.- കേന്ദ്രവിഹിതം | 921471 | 487394 | 14088 | 0 | 0 |
| ഖര മാലിന്യ സംസ്കരണം | 0 | 1699840 | 1699840 | 65000 | 1634840 |
| സംസ്ഥാന സർക്കാർ അവാർഡ് തുക | 300000 | 1000000 | 1300000 | 30000 | 1270000 |
| ശുചിത്വ മിഷൻ | 24419 | 130000 | 154419 | 130000 | 24419 |

വിവിധോദ്ദേശ്യ ഗ്രാന്റിനത്തിൽ ലഭിച്ച തുകകൾ പൂർണ്ണമായും ചെലവഴിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-2 ടെണ്ടർ ചെയ്തു നൽകിയ മരാമത്ത് പ്രവൃത്തികൾ യഥാസമയം പൂർത്തീകരിച്ചിട്ടില്ല

താഴെപ്പറയുന്ന പൊതുമരാമത്ത് പ്രവൃത്തികൾ ടെണ്ടർ നടപടികളിലൂടെ കരാറുകാർ ഏറ്റെടുത്തിട്ടുണ്ടെങ്കിലും യഥാസമയം പൂർത്തീകരിച്ചിട്ടില്ല. കരാർ തീയതി മുതൽ 90 ദിവസം ആയിരുന്ന പദ്ധതികളുടെ പൂർത്തീകരണ കാലാവധിയെങ്കിലും പ്രവൃത്തികൾ 2018-19 വർഷം പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നം. | പദ്ധതിയുടെ പേര് & പ്രോജക്ട് നം. | കരാർ നം./ തീയതി | കരാറുകാരന്റെ പേര് | കരാർ തുക (₹) | പൂർത്തീകരണ തീയതി |
|---|---|---|---|---|---|
| 1 | തെരുവക്കാട് പന്തപ്ലാവ് റോഡ് റീ ടാറിംഗ്(46/19) | 23/26.09.18 | ബാബു കെ.എസ് | 400000 | 2019-20ൽ പൂർത്തികരിച്ചു |
| 2 | മണ്ണൂർക്കവല പൂവത്തനാപ്പാറ റോഡ്(59/19) | 14/09.08.18 | ബാബു കെ.എസ് | 499096 | നാളിതുവരെയും പൂർത്തികരിച്ചിട്ടില്ല |
| 3 | കോളപ്ര ലക്ഷം വീട് ശങ്കരപ്പിള്ളി റോഡ് (67/19) | 15/09.08.18 | ബാബു കെ.എസ് | 872369 | നാളിതുവരെയും പൂർത്തികരിച്ചിട്ടില്ല |
| 4 | കൈപ്പ മുതലിയാർ റോഡ് റീടാറിംഗ് (69/19) | 13/09.08.18 | ബാബു. കെ.എസ് | 730251 | നാളിതുവരെയും പൂർത്തികരിച്ചിട്ടില്ല |
| 5 | കുടയത്തൂർ പഞ്ചായത്ത് റോഡ് പുനരുദ്ധാരണം (150/19) | 22/26.09.18 | ബാബു കെ.എസ് | 6% below of 310000 | നാളിതുവരെയും പൂർത്തികരിച്ചിട്ടില്ല |
| 6 | മുതിയാമല പി.എച്ച്.സി സബ്സെന്ററിന് പൊതു ശൗചാലയം (158/19) | 32/28.01.19 | ശ്രീജിത് ടി. ജി | 200000 | നാളിതുവരെയും പൂർത്തികരിച്ചിട്ടില്ല |
| 7 | മുതിയാമല പി.എച്ച്.സി സബ്സെന്ററിന് | 34/02.03.19 | റെജി മാത്യു | 70000 | നാളിതുവരെയും പൂർത്തികരിച്ചിട്ടില്ല |

| | | | | | |
|---|---|---|---|---|---|
| | പമ്പ് സെറ്റ് (167/19) | | | | |

പദ്ധതി പൂർത്തീകരണത്തിന് കാല താമസം വരുത്തിയ കരാറുകാരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കുന്നതിനും പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 3-3 ഒരേ സ്ഥാപനത്തിൽ നിന്നുതന്നെ ഒരേ ഇനവിവരത്തിലുള്ള കട്ടിലുകൾ വ്യത്യസ്ത നിരക്കുകളിൽ വാങ്ങി - 8,340/- നിരാകരണം

കട്ടിൽ വാങ്ങുന്നതിനായി 3 പദ്ധതികളാണ് സ്പിൽ ഓവർ ആയി തൻവർഷം നടപ്പാക്കിയിട്ടുള്ളത്. മൽസരാധിഷ്ഠിത ടെണ്ടർ പ്രകാരമാണ് കട്ടിൽ വാങ്ങിയിട്ടുള്ളത്. ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ലക്ഷ്മി ഫർണിച്ചർ മാർട്ട് ട്രേഡേഴ്സ്, കുടയത്തൂർ എന്ന സ്ഥാപനത്തിൽ നിന്ന് ഒരേ ഇനവിവരത്തിലുള്ള കട്ടിലുകൾ വ്യത്യസ്ത നിരക്കുകളിലാണ് നിർവ്വഹണ ഉദ്യോഗസ്ഥയായ ഐ.സി.ഡി.എസ്. സൂപ്പർവൈസർ വാങ്ങിയിരിക്കുന്നത്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറി 7-ന് മറുപടി നൽകിയില്ല. പദ്ധതി നടപ്പാക്കിയതിലെ അപാകതകളും മറ്റ് വിശദാംശങ്ങളും ചുവടെ ചേർക്കുന്നു.

| പദ്ധതി അടങ്കൽ | ബിൽ വിവരങ്ങൾ | ഇന വിവരങ്ങൾ | ക്വാട്ട് ചെയ്ത യൂണിറ്റ് നിരക്ക് | എണ്ണം | ആകെ തുക ₹ |
|---|---|---|---|---|---|
| വയോമിത്രം, വയോജന ക്ഷേമ പ്രവർത്തനങ്ങൾ (ടി.എസ്.പി.) 110/18 സ്പിവൽ ഓവർ ₹1,24,046/- | 6/18-19 21/05/18 ₹74,580/- 16/18-19 21/08/18 ₹47,460/- | നീളം – 1.98 മീ. വീതി – 90സെ.മീ മുൻകാൽ – 60സെ.മീ പിൻകാൽ– 50സെ.മീ പ്ളൈവുഡ് – 8എം.എം മരം-ആഞ്ഞിലി/ പ്ലാവ് | 3390 | 36 | 122040 |
| വയോമിത്രം വയോജന ക്ഷേമ പ്രവർത്തനങ്ങൾ (എസ്.സി.പി) 112/18 സ്പിവൽ ഓവർ ₹82,650/- | 4/18-19 21/05/18 ₹82,500/- | നീളം - 1.98 മീ, വീതി - 90സെ.മീ മുൻകാൽ - 60സെ.മീ പിൻകാൽ– 50സെ.മീ പ്ളൈവുഡ് – 8എം.എം മരം -ആഞ്ഞിലി/ പ്ലാവ് | 3300 | 25 | 82500 |
| വയോമിത്രം വയോജന ക്ഷേമ പ്രവർത്തനങ്ങൾ (ജനറൽ) 113/18 സ്പിവൽ ഓവർ ₹1,73,400/- | 9/18-19 21/05/18 ₹1,73,400/- | നീളം – 1.98 മീ. വീതി – 90സെ.മീ മുൻകാൽ - 60സെ.മീ പിൻകാൽ - 50സെ.മീ പ്ളൈവുഡ്– 8എം.എം മരം-ആഞ്ഞിലി/ പ്ലാവ് | 3400 | 51 | 173400 |
| ആകെ | | | | 112 | 377940 |

സ്ഥാപനവുമായി നിർവ്വഹണ ഉദ്യോഗസ്ഥൻ കരാർ വച്ചിട്ടില്ല. കട്ടിലുകൾ സ്റ്റോക്കിലെടുത്തതിന്റെ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഗുണഭോക്താക്കൾ കട്ടിലുകൾ കൈപ്പറ്റിയതിന്റെ തീയതി രജിസ്റ്ററിൽ ഇല്ല.

എല്ലാ കട്ടിലുകളും ഒരേ സ്ഥാപനത്തിൽ നിന്നുതന്നെ വാങ്ങിയ സ്ഥിതിക്ക് ഏറ്റവും കുറഞ്ഞ നിരക്കിൽ (₹3,300/-) തന്നെ മറ്റ് പദ്ധതികൾക്കും കട്ടിലുകൾ ലഭ്യമാക്കേണ്ടത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതലയാണ്. 112 കട്ടിലുകൾക്ക് (₹3,300/-) നിരക്കിൽ ആകെ നൽകേണ്ടിയിരുന്ന തുക ₹3,69,600/-യാണ്. ലക്ഷ്മി ഫർണിച്ചർ മാർട്ട് എന്ന സ്ഥാപനത്തിന് നൽകിയിരിക്കുന്നത് ₹3,77,940/-യാണ്. 377940-369600 = ₹8,340/- അധികം നൽകിയിരിക്കുന്നു. സ്ഥാപനവുമായി

ബന്ധപ്പെട്ട് കുറഞ്ഞ നിരക്കിൽ കട്ടിലുകൾ വാങ്ങുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ ശ്രമിക്കാതിരുന്നതിനാൽ പഞ്ചായത്തിന് ₹8,340/-യുടെ നഷ്ടമുണ്ടായിട്ടുണ്ട്. ആയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ പക്കൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-4 എസ് എസ്. എ വിഹിതം - നൽകൽ വിശദമായ ചെലവ് പത്രിക ലഭിക്കുന്നില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നം. | 04/19. 2/19 & 3/19 |

| വിഭാഗം | ബിൽ നമ്പർ/തീയതി | തുക ₹ |
|---|---|---|
| ജനറൽ | 9/ 18-19 30.06.2018 | 348000 |
| എസ്.സി.പി. | 10/18-19 30.06.2018 | 125000 |
| റ്റി.എസ്.പി. | 26/18-19 04.08.2018 | 200000 |
| | ആകെ | 673400 |

എസ്.എസ്.എ. വിഹിതം നല്കുന്നതിനായി തൻവർഷം ₹6,73,400/- ഗ്രാമപഞ്ചായത്ത് ചെലവഴിച്ചിട്ടുണ്ട്. മേൽ തുകയുടെ മാത്രം വിനിയോഗ സാക്ഷ്യപത്രമായി ഒരു രേഖ ഫയലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ആകെ തൻവർഷം ചെലവാകുന്ന തുകയായ ₹12,71,308/-ന്റെ ആനുപാതിക വിഹിതമായാണ് ₹6,73,400/- ഗ്രാമപഞ്ചായത്തിനോട് ആവശ്യപ്പെട്ടിരുന്നത്. എന്നാൽ ₹6,73,400/-ന്റെ മാത്രം വിനിയോഗ സാക്ഷ്യപത്രം ലഭിച്ചതിനാൽ യഥാർത്ഥത്തിൽ തൻവർഷം തുക ആവശ്യപ്പെട്ടുകൊണ്ടുള്ള കത്തിൽ പറഞ്ഞിരുന്ന എല്ലാ ഇനങ്ങൾക്കും തുക വിനിയോഗിച്ചിട്ടുണ്ടോ എന്നും അയതിന്റെ ആനുപാതികമായിത്തന്നെയാണോ പഞ്ചായത്തിൽ നിന്നും നൽകിയ തുകയുടെ വിനിയോഗം എന്നും വ്യക്തമല്ല. നൽകുന്ന തുകകൾ യഥാവിധി ചെലവഴിക്കുന്നുണ്ടോ എന്ന് ഉറപ്പാക്കേണ്ടത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതലയാണ്. ആയതിനാൽ ഡിമാന്റ് നോട്ടീസിൽ ആവശ്യപ്പെട്ടരീതിയിലും അനുപാതത്തിലും തുക ചെലവഴിച്ചു എന്നതിനുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 3-5 പത്താംതരം തുല്യതാപഠനം-ചെലവിന്റെ വിശദാംശം ലഭ്യമായില്ല

| | |
|---|---|
| ബിൽ നം./തീയതി/ തുക | 90/18-19 തീയതി 18.02.2019 തുക ₹18,500/- |
| പ്രൊജക്ട് നം : | 05/18-19 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ : | സെക്രട്ടറി |

പത്താംതരം തുല്യതാപഠനത്തിന് ഗ്രാമപഞ്ചായത്തിന്റെ കീഴിലുള്ള 10 പഠിതാക്കളുടെ വിഹിതമായി ₹18,500/- സാക്ഷരതാമിഷൻ ജില്ലാ പ്രോഗ്രാം ഓഫീസർക്ക് നൽകിയിട്ടുണ്ട്. എന്നാൽ പഠിതാക്കൾ തുല്യതാപരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്തതായി പ്രോഗ്രാം ഓഫീസർ അറിയിച്ചിട്ടില്ല. പഠിതാക്കളുടെ വിശദാംശങ്ങൾ, അവർ ഏത് തരം വരെ പഠിച്ചിട്ടുണ്ട് തുടങ്ങിയ രേഖകളൊന്നും പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ഈ രേഖകളുടെ അഭാവത്തിൽ ₹18,500/-ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-6 മോണിട്ടറിംഗ് സംവിധാനം ഫലപ്രദമല്ല

സെക്രട്ടറിയുൾപ്പെടെയുള്ള നിർവ്വഹണ ഉദ്യോഗസ്ഥർ നിർവ്വഹണം നടത്തിയ പ്രൊജക്ടുകളിലൊന്നും തന്നെ കാര്യക്ഷമമായ മോണിട്ടറിംഗ് നടക്കുന്നില്ല. തെരുവ് വിളക്ക് സ്ഥാപിക്കൽ, ലാപ് ടോപ്പ് വാങ്ങൽ തുടങ്ങിയ പ്രൊജക്ടുകൾ ടെണ്ടർ നടപടികളിലൂടെ നടപ്പാക്കിയിട്ടുണ്ടെങ്കിലും ആയത് കരാറിന്റെ അടിസ്ഥാനത്തിൽ പൂർത്തീകരണം നടത്തിയിട്ടുണ്ടോ എന്നത് മോണിട്ടറിംഗ് സമിതി സാക്ഷ്യപ്പെടുത്തിയിട്ടില്ല. പദ്ധതി നടത്തിപ്പിന്റെ ഓരോ ഘട്ടത്തിലും മോണിട്ടറിംഗ് സമിതിയുടെ ഇടപെടലുകൾ അനിവാര്യമാണ്. എല്ലാ സ്റ്റാൻഡിംഗ് കമ്മിറ്റികളുടെയും വിശിഷ്യാ വികസന സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 3-7 എച്ച്.എം.സി. - വാർഷിക കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 166(1) പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ സർക്കാർ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ നടത്തിപ്പ് ചുമതല ഗ്രാമപഞ്ചായത്തിന്റെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിൽപ്പെട്ടതാണ്. വകുപ്പ് 173(എ), 2010ലെ കേരള പഞ്ചായത്ത് രാജ് (പൊതു ജനാരോഗ്യ സ്ഥാപനങ്ങൾക്ക്

വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ) ചട്ടങ്ങളിലെ, ചട്ടം 3(1) പ്രകാരം കൈമാറിയിട്ടുള്ള പൊതുആരോഗ്യ സ്ഥാപനങ്ങളിൽ ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ, മെമ്പർ സെക്രട്ടറി എന്നിവർ ഉൾപ്പടെ 15 അംഗങ്ങളിൽ കൂടാതെയുള്ള ഒരു മാനേജിംഗ് കമ്മിറ്റി നിർണ്ണയിക്കപ്പെട്ട പ്രകാരം രൂപീകരിക്കേണ്ടതാണ്.

ചട്ടം 9(1) പ്രകാരം പൊതുജനാരോഗ്യ സ്ഥാപനത്തെ സംബന്ധിച്ച ആശുപത്രി വികസന ഫണ്ട് ഓഡിറ്റ് നടത്തേണ്ടത് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പാണ്. 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 9(1) പ്രകാരം ഒരു സാമ്പത്തിക വർഷം അവസാനിച്ച ശേഷം 4 മാസത്തിനകം വാർഷിക കണക്കുകൾ ഓഡിറ്റിനായി സമർപ്പിക്കേണ്ടതാണ് (ജൂലായ് 31 നകം). എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കൈമാറിയിട്ടുള്ള ആശുപത്രികളിൽ (പി.എച്ച്.സി., ആയുർവ്വേദ) മാനേജിംഗ് കമ്മിറ്റികൾ വാർഷിക കണക്കുകൾ ഓഡിറ്റിൽ പരിശോധനക്കായി സമർപ്പിച്ചിട്ടില്ല. പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 182(xv) പ്രകാരം പഞ്ചായത്തിന്റെ നിയന്ത്രണത്തിനു കീഴിലുള്ള സ്ഥാപനങ്ങളുടെ അക്കൌണ്ടുകൾ പരിശോധിക്കുകയോ, പരിശോധിപ്പിക്കുകയോ ചെയ്യേണ്ടത് സെക്രട്ടറിയുടെ ചുമതലയാണ്. മേൽ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. എച്ച്.എം.സി. വാർഷിക കണക്കുകൾ ഓഡിറ്റ് പരിശോധനക്കായി സമർപ്പിക്കുവാനാവശ്യമായ നിർദ്ദേശം നൽകേണ്ടതാണ്.

## 3-8 ആശ്രയ പദ്ധതിയുടെ അക്കൗണ്ടിൽ ഗണ്യമായതുകയുടെ നീക്കിയിരിപ്പ്

ദാരിദ്ര്യ നിർമ്മാർജന ഉപപദ്ധതിയിൽ അഗതി കുടുംബങ്ങൾക്കുവേണ്ടി ആശ്രയ എന്ന പ്രോജക്ട് നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്. ആശ്രയ പ്രേജക്ട് തയ്യാറാക്കുക എന്നത് ഗ്രാമപഞ്ചായത്തിന്റെ ചുമതലയാണെന്ന് സബ്സിഡി മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുണ്ട്. രണ്ട് ഘട്ട പ്രോജക്ടുകളിലായി ആശ്രയ അക്കൗണ്ടിൽ ₹10,82,783/- ചെലവഴിക്കാതെ അവശേഷിക്കുന്നു. തൻവർഷം ₹1,00,000/- വികസന ഫണ്ടിൽ നിന്നും പിൻവലിച്ച് കുടുംബശ്രീക്ക് നൽകിയിട്ടുണ്ടെങ്കിലും ആയത് വീട് അറ്റകുറ്റപണികൾക്ക് വേണ്ടി ചെലവഴിച്ചിട്ടില്ല. ദരിദ്രരുടെ ഉന്നമനത്തിനായി നീക്കിവയ്ക്കുന്ന തുക ചെലവഴിക്കാതെ അക്കൗണ്ടിൽ സൂക്ഷിക്കുന്നത് ശരിയായ നടപടിയല്ല. അഗതികളുടെ ക്ഷേമത്തിനും വികസനത്തിനും ഉതകുന്ന പരിപാടികൾ കണ്ടെത്തി നടപ്പാക്കുന്നതിന് ഗ്രാമപഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്.

## 3-9 തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതി പ്രകാരം 2018-19ൽ തൊഴിലാളികളുടെ കൂലിയിനത്തിൽ ₹66,08,249/- ചെലവഴിച്ചിട്ടുണ്ട്. 1598 കുടുംബങ്ങൾക്ക് തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. ടി കുടുംബങ്ങൾക്ക് 23916 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്തു. 2018-19ൽ 49 കുടുംബങ്ങൾ 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്.

## 3-10 പൊതുടാപ്പുകളുടെ സംയുക്ത പരിശോധന നടത്തിയിട്ടില്ല

ഗ്രാമപഞ്ചായത്ത് 2018-19ൽ വെള്ളക്കരം ഇനത്തിൽ കുടിശ്ശിക ഉൾപ്പെടെ ₹5,74,248/- ജല അതോറിറ്റിയിൽ ഒടുക്കിയിട്ടുണ്ട്. ആകെ 84 പൊതുടാപ്പുകൾ ഉള്ളതായിട്ടാണ് ബില്ലുകളിൽ കാണുന്നത്. പൊതുടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തുവാൻ വാട്ടർ അതോറിറ്റിയും ഗ്രാമപഞ്ചായത്തുമായി സംയുക്ത പരിശോധന നടത്തണമെന്ന 28.09.2011ലെ ജി.ഒ.(ആർ.ടി.)2242/2011/ത.സ്വ.ഭ.വ. ഉത്തരവിലെ നിർദ്ദേശം പാലിച്ചിട്ടില്ല. ആയതിനാൽ വെള്ളക്കരം ഒടുക്കിയതിന്റെ കൃത്യത ഉറപ്പാക്കുന്നതിന് സാധിച്ചിട്ടില്ല. സംയുക്ത പരിശോധന താമസംവിനാ നടത്തുകയും വെള്ളക്കരം അധികമായി ഒടുക്കിയിട്ടുണ്ടെങ്കിൽ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക ₹ | പ്രൊജക്ടിന്റെ പേര് | ചെലവ് ₹ | ബാലൻസ് ₹ |
|---|---|---|---|---|---|
| ബ്ലോക്ക്പഞ്ചായത്ത് ഇടുക്കി | 2018-19 | 100000 | പാലിയേറ്റീവ് കെയർ | 100000 | 0 |
| ബ്ലോക്ക്പഞ്ചായത്ത് ഇടുക്കി | 2018-19 | 822065 | ലൈഫ് സമ്പൂർണ്ണ പാർപ്പിട പദ്ധതി (ജനറൽ) | 8220000 | 2065 |
| ജില്ലാപഞ്ചായത്ത് | 2018-19 | 1361600 | ലൈഫ് സമ്പൂർണ്ണ പാർപ്പിട പദ്ധതി (ജനറൽ) | 1326550 | 35050 |
| ബ്ലോക്ക്പഞ്ചായത്ത് ഇടുക്കി | 2018-19 | 195458 | ലൈഫ് സമ്പൂർണ്ണ പാർപ്പിട പദ്ധതി (എസ്.സി.പി) | 195458 | 0 |
| ബ്ലോക്ക്പഞ്ചായത്ത് ഇടുക്കി | 2018-19 | 586591 | ലൈഫ് സമ്പൂർണ്ണ പാർപ്പിട പദ്ധതി (റ്റി.എസ്.പിസി.പി) | 35000 | 236591 |
| ബ്ലോക്ക്പഞ്ചായത്ത് ഇടുക്കി | 2018-19 | 50000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് പഠന സ്കോളർഷിപ്പ് | 0 | 50000 |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക്പഞ്ചായത്ത് ഇടുക്കി | 2018-19 | 100000 | ക്ഷീരസംഘങ്ങളിൽ നിന്നും പാൽ അളക്കുന്ന കർഷകർക്ക് ധനസഹായം | 100000 | 0 |
| ജില്ലാപഞ്ചായത്ത് ഇടുക്കി | 2018-19 | 600000 | ക്ഷീരസംഘങ്ങളിൽ നിന്നും പാൽ അളക്കുന്ന കർഷകർക്ക് ധനസഹായം | 600000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

– ഇല്ല –

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

– ഇല്ല –

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക ₹ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി ഉണ്ടായിരുന്ന തുക ₹ | തൻവർഷം തിരിച്ചടച്ച തുക ₹ | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | 529/10 തീ. 18.02.2010 | 7258500 | 113912 | 113912 | 0 | 0 |
| ജവഹർ ഭവന പദ്ധതി | 357647/ഡി.വി/ത.സ്വ.ഭ .വ 1/15/14.01.2016 | 5200000 | 4070414 | 500000 | 0 | 3570414 |
| ലൈഫ് ഭവന പദ്ധതി ഹഡ്കോ വായ്പ തുക | ജി.ഒ(എം.എസ്)ത.സ്വ.ഭ.വ 111/2018 13.08.2018 | 8733450 | 0 | 0 | 0 | 8733450 |

ലോൺ രജിസ്റ്റർ പരിപാലിച്ചിട്ടില്ലാത്തതിനാൽ സ്ഥാപനം ലഭ്യമാക്കിയ തുകകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

– ഇല്ല –

## 4-6 ഓഡിറ്റ് റിക്കവറി

– ഇല്ല –

## 4-7 സമാഹൃത ഓഡിറ്റ്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | ഓഡിറ്റ് വർഷം | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1 | 1999-2000 | 2002-03 | VII-6-4 | തൊഴിലില്ലായ്മ വേതനം പിൻവലിച്ചത് - ₹11,800/- | തുടരുന്നു |
| 2 | 2000-01 | 2003-04 | 31 | ഹാൾ നിർമ്മാണത്തിന് അധിക തുക നൽകി | തുടരുന്നു |
| 3 | 2000-01 | 2003-04 | 3-7 | വാട്ടർ അതോറിറ്റി-നിക്ഷേപ പ്രോജക്റ്റ് പൂർത്തീകരിച്ചില്ല | |
| 4 | പ്രത്യേക റിപ്പോർട്ട് | 2012-13 | 2-8 | ലഘു അവലോകനം-തുടർസാക്ഷരത | തുടരുന്നു. |
| 5 | പ്രത്യേക റിപ്പോർട്ട് | 2012-13 | 2-4 | ലഘു അവലോകനം-ഫ്രണ്ട് ഓഫീസ് സംവിധാനം | തുടരുന്നു |
| 6 | 2014-15 | 2015-16 | 2-1 | വസ്തുനികുതി അപാകതകൾ | തുടരുന്നു |

## 4-8 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

(എ)) ചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണവകുപ്പ് | ചാർജ്ജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ ₹ | | ആകെ ലഭ്യമായ തുക ₹ | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്കസ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക ₹ | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക ₹ | | | |
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) | (10) | (11) | (12) | 139) |
| 1 | 1997-98 | 21(1) | ശ്രീ. എ. സൈനുലബ്ദ്ദീൻ, സെക്രട്ടറി | എൽ.എഫ്. 6421/ എസ്.സി.2/01 തീ.23.7.2001 | 383 | | | | | | 383 | |

(ബി) സർചാർജ് വഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണവകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നം/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | ഉൾപ്പെട്ട തുക ₹ |
|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക ₹ | | | |
| 1 | 1997-98 | 22 | ശ്രീ. എ. സൈനുലബ്ദ്ദീൻ, സെക്രട്ടറി | എൽ.എഫ്.6421/ എസ്.സി.2/01 തീ.23.07.2001 | 50 | | 50 | |
| 2 | 1997-98 | 23(1) | ശ്രീമതി. ജാനമ്മ ശിവരാമൻ സെക്രട്ടറി | എൽ.എഫ്.6421/ എസ്.സി.2/01 തീ.23.07.2001 | 105 | | 105 | |
| 3 | 1997-98 | 23(2) | ശ്രീ. എ. സൈനുലബ്ദ്ദീൻ, സെക്രട്ടറി | എൽ.എഫ്.6421/ എസ്.സി.2/01 തീ.23.07.2001 | 216 | | 216 | |
| 4 | 1997-98 | 24 | ശ്രീ. എ. സൈനുലബ്ദ്ദീൻ, സെക്രട്ടറി | എൽ.എഫ്.421/ എസ്.സി.2/01 തീ.23.07.2001 | 100 | | 100 | |
| 5 | 1997-98 | 27 | ശ്രീ. എ. സൈനുലബ്ദ്ദീൻ, സെക്രട്ടറി | എൽ.എഫ്.6421/ എസ്.സി.2/01 തീ.23.07.2001 | 798 | | 798 | |
| 6 | 1997-98 | 28 | ശ്രീ. എ. സൈനുലബ്ദ്ദീൻ, സെക്രട്ടറി | എൽ.എഫ്.6421/ എസ്.സി.2/01 തീ.23.07.2001 | 40 | | 40 | |
| 7 | 1999-00 | 25 | ശ്രീ. റ്റി കെ. ഹരിലാൽ, സെക്രട്ടറി | എൽ.എഫ്.8500/ എസ്.സി.2/03 തീ.10.7.2003 | 13720 | | 13720 | |
| 8 | 1999-00 | 27 | ശ്രീ. റ്റി കെ. ഹരിലാൽ, സെക്രട്ടറി | എൽ.എഫ്.8500/ എസ്.സി.2/03 തീ.10.7.2003 | 2000 | | 2000 | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 9 | 1999-00 | 28 | ശ്രീ. റ്റി.കെ. ഹരിലാൽ, സെക്രട്ടറി | എൽ.എഫ്.8500/ എസ്.സി.2/03 തീ.10.7.2003 | 4985 | | 4985 | |
| 10 | 1999-00 | 29(എ) | ശ്രീ. റ്റി. കെ. ഹരിലാൽ, സെക്രട്ടറി | എൽ.എഫ്.8500/ എസ്.സി.2/03 തീ.10.7.2003 | 3000 | | 3000 | |
| 11 | 1999-00 | 29(ബി) | ശ്രീ. റ്റി. കെ. ഹരിലാൽ, സെക്രട്ടറി | എൽ.എഫ്.8500/ എസ്.സി.2/03 തീ.10.7.2003 | 8540 | | 8540 | |
| 12 | 1999-00 | 31 | ശ്രീ. റ്റി. കെ. ഹരിലാൽ, സെക്രട്ടറി | എൽ.എഫ്.8500/ എസ്.സി.2/03 തീ.10.7.2003 | 5000 | | 5000 | |
| 13 | 1999-00 | 36 | ശ്രീ. റ്റി. കെ. ഹരിലാൽ, സെക്രട്ടറി | എൽ.എഫ്.8500/ എസ്.സി.2/03 തീ.10.7.2003 | 8366 | | 8366 | |
| 14 | 1999-00 | 38 | ശ്രീ. റ്റി. കെ. ഹരിലാൽ, സെക്രട്ടറി | എൽ.എഫ്.8500/ എസ്.സി.2/03 തീ.10.7.2003 | 11800 | | 11800 | |
| 15 | 2000-01 | 31 | ശ്രീ. റ്റി. കെ. ഹരിലാൽ, സെക്രട്ടറി | എൽ.എഫ്.9479/05 തീ.04.04.2006 | 68962 | | 68962 | |
| 16 | 2000-01 | 32 | ജി. ഗോപാലകൃഷ്ണൻ നായർ, സെക്രട്ടറി | എൽ.എഫ്.9479/05 തീ.26.08.2006 | 17431 | | 17431 | |
| 17 | 2004-05 | 3-6(ഭാഗികം) 3-7(ഭാഗികം) | റ്റി ഐ കൃഷ്ണൻ, എ. ഇ | എൽ.എഫ്.20493/ സ്പെ.സെൽ എസ്.സി.2/2007 തീ.10.12.2009 | 7600 | | 7600 | |
| 18 | 2004-05 | 3-6(ഭാഗികം) 3-7(ഭാഗികം) | എൽസി തോമസ്, എ.ഇ | എൽ.എഫ്.20498/ സ്പെ.സെൽ. എസ്.സി.2/2007 തീ.2.11.2009 | 5684 | | 5684 | |
| 19 | 2002-03 | 2-3 | ജി. ഗോപാലകൃഷ്ണൻ നായർ, സെക്രട്ടറി | എൽ.എഫ്.22205/ സ്പെ.സെൽ. എസ്.സി.2/2005 തീ.10.10.2006 | 7575 | | 7575 | |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹5,77,68,499 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹5,33,88,343 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹8,940 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹18,500 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക ₹ | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-3 | --- | 8340 | ശ്രീമതി. അലീന ജോർജ്ജ് ഐ.സി.ഡി.എസ് സൂപ്പർവൈസർ |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 18500 | ശ്രീ. സജി തോമസ്, സെക്രട്ടറി |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

– ഇല്ല –

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

– ഇല്ല –

<u>(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. അലീന ജോർജ്, ഐ.സി.ഡി.എസ്.സൂപ്പർവൈസർ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ, കടയത്തൂർ | തെക്കേപ്പറമ്പിൽ, ക്ലവപ്പള്ളി പി.ഒ. ഇടുക്കി |
| ശ്രീ. സജി തോമസ് സെക്രട്ടറി | സെക്രട്ടറി കടയത്തൂർ ഗ്രാമപഞ്ചായത്ത് | ചെമ്മംപ്ലാക്കൽ കാഞ്ഞാർ പി. ഒ. ഇടുക്കി |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

താഴെ കൊടുത്തിരിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാതെ അവശേഷിക്കുകയാണ്. തടസ്സങ്ങൾ പരിഹരിക്കുന്നതിന് സത്വരനടപടി സ്വീകരിക്കേണ്ടതാണ്.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | ഖണ്ഡികകളുടെ എണ്ണം | അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|---|
| 1995-1996 | എൽ.എഫ്.ഐ.6/ 247/98/5.10.98 | 22 | 3,4,5,6,7,8.9,10,11,12,13,14,15, 16,17,18,19,20,21,22,23,24 |
| 1996-1997 | എൽ.എഫ്.ഐ.7/ 529/99/3.03.2000 | 8 | 28,30,32,34,35,36,37,38 |
| 1997-1998 | എൽ.എഫ്.ഐ. 7/ 71/2001/30.01.2001 | 14 | 12,13,14,21(1),21(2),22,23(1), 23(2),24,25,26,27,28,30(1) |
| 1998-1999 | എൽ.എഫ്.ഐ. 7/ 215/2000/1.8.2000 | 27 | 1,2,3,4,5,6,7,8,9,10,11,12,13,14,15,16, 17,18.19.20,21,22,23,24,25,26,27 |
| 1999-2000 | എൽ.എഫ്.ഐ.7/ 241/2003/29.03.03 | 23 | 9,13,14,19,20,21,22,23,24,25,26,27, 28,29,30,31,32,33,34,35,36,37,38 |
| 2000-2001 | എൽ.എഫ്.ഐ.7/ 734/02/22.04.2005 | 22 | 10,11,14,15,16,19,20,21,22,23,24, 25,26,27,28,29,30,31,32,33,34,35 |
| 2001-2002 | എൽ.എഫ്.ഐ.7/ 141/04/23.09.05 | 10 | 1,2,3,4,5,6,7,8,9,10 |
| 2002-2003 | എൽ.എഫ്.ഐ.7/ 348/2005/01.12.05 | 6 | 2-1,2-2,2-3,3-2,3-3,4-9 |
| 2003-2004 | എൽ.എഫ്.ഐ.8/ 113/08/26.04.08 | 9 | 2-1,2-3,2-4,3-1, 3-2,3-3,3-5,3-6,3-7 |
| 2004-2005 | എൽ.എഫ്.ഐ.8/ 524/2007/26.06.2008 | 13 | 2-1,2-2,2-3,2-4,2-5,3-1,3-5, 3-6,3-7,3-8,3-9,310,3-11 |
| 2005-2006 | എൽ.എഫ്.ഐ.8 80/2009/22.04.09 | 8 | 2-1,2-2,3-1,3-2, 3-3,3-4,3-5,3-6 |
| 2006-2007 | എൽ.എഫ്.ഐ.9 492/09/17.11.2009 | 12 | 2-1,2-2,2-3,2-4,3-1,3-2, 3-3,3-4,3-5,3-6,3-7,3-8 |
| 2007-2008 | എൽ.എഫ്.ഐ.10 398/12/22.06.12 | 18 | 2-1,2-2,2-3,2-4,3-1,3-2,3-3,3-4,3-5, 3-6,3-7,3-8,3-9,3-10,3-11,3-12,3-13,3-14 |
| 2008-2009 | എൽ.എഫ്.ഐ.10/ 748/12/2.07.12 | 12 | 2-1,2-2,2-3,2-4,2-5,3-1, 3-2,3-3,3-4,3-5,3-6,3-7 |
| 2009-2010 | എൽ.എഫ്.ഐ.10/ 1023/12/26.09.12 | 10 | 2-1,22,2-3,2-4,2-5,2-6,3-1, 3-2,3-3,3-4.3-5,3-6,3-7 |
| | | | |

| | | | |
|---|---|---|---|
| 2010-11&<br>2011-2012 | കെ.എസ്.എ.ഐഡി.കെ.10/<br>1106/13/06.06.14 | 11 | 2-1,2-2,2-3,2-4,3-1,<br>3-2,3-3,3-4,3-5,3-6,3-7 |
| 2012-2013&<br>2013-2014 | കെ.എസ്.എ.ഐ.ഡി.കെ.10/<br>653/15/05.10.15 | 13 | 2-1,2-2,2-3,3-1,3-2,3-3,3-4,<br>3-5,3-6,3-7,3-8,3-9,3-10,3-11 |
| 2014-2015 | കെ.എസ്.എ.ഐ.ഡി.കെ.10/<br>461/18/25.04.18 | 15 | 2-1,2-2,2-3,3-3,3-4,3-5,3-6,3-7,<br>3-8,3-9,3-10,3-11,3-12,3-13,3-14 |
| 2015-16 | കെ.എസ്.എ-ഐ.ഡി.കെ-10/<br>408/17/17.04.18 | 6 | 2-1,3-1,3-2,3-3,3-4,3-5 |
| 2016-17 | കെ.എസ്.എ-ഐ.ഡി.കെ-10/<br>990/17/28.09.17 | 20 | 2-1,2-2,2-3,2-4,2-5,2-6,2-7,2-8,3-1,<br>3-2,3-3,3-4,3-5,3-6,3-7,3-8,3-9,3-<br>10,<br>3-11,3-12. |
| 2017-2018 | കെ.എസ്.എ-<br>ഐ.ഡി.കെ-10/1334/<br>2018/20.12.18 | 12 | 2-1,2-2,<br>3-1 മുതൽ 3-10 വരെ |

റിപ്പോർട്ടുകളിൽ അവശേഷിക്കുന്ന തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

അനുബന്ധം – 1

ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ-ഐ.ഡി.കെ-6/590/2019


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ഇടുക്കി ജില്ലാ ഓഡിറ്റ് കാര്യാലയം
തൊടുപുഴ – 685 584
ഫോൺ : 04862-227332
*ഇ-മെയിൽ* : doidk.ksad@kerala.gov.in


തീയതി. 04.09.2019

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018ലെ (സാധാ)1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ഇടുക്കി ജില്ലയിലെ **കുടയത്തൂർ** ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2018-19ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി